(ബി&സി) പഴയ വാട്ടർ ടാങ്ക് ലേലത്തിൽ പിടിച്ച് പൊളിച്ച് മാറ്റുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു. ടാങ്കിന്റെ നിലവിലുള്ള മതിപ്പ് വില കണക്കാക്കി രണ്ട് പ്രാവശ്യം ലേലത്തിൽ വച്ചിട്ടും, ലേലത്തിൽ ആരും പങ്കെടുത്തില്ല. അതുകാരണം പ്രസ്തുത ടാങ്ക് പൊളിച്ചു മാറ്റുന്നതിനുള്ള മതിപ്പ് വില ടാങ്കിന്റെ കാലപ്പഴക്കം കണക്കാക്കി പുനർനിർണ്ണയം ചെയ്ത് വീണ്ടും ലേലം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വീണ്ടും ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആലുവ വാട്ടർ വർക്സിലെ ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി

34 (3974) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ വാട്ടർ വർക്സിലെ ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി തീർന്നുവോ ;

(ബി) ഇല്ലെങ്കിൽ ഈ സബ്സ്റ്റേഷന്റെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെ പണി തുടങ്ങിയിട്ടില്ല.

(ബി) സബ്സ്റ്റേഷന്റെ പണിക്ക് 'ടെൽക്ക്' സമർപ്പിച്ച ഓഫർ പരിഗണനയിലാണ്. ഈ സബ്സ്റ്റേഷന്റെ പണി 12 മാസം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

സി.എ.ആർ.ഡബ്ല്യു.എസ്.സ്കീം പ്രകാരം നിർമ്മാണം തുടങ്ങിയ ശുദ്ധജല വിതരണ പദ്ധതികളുടെ പുരോഗതി

35 (3975) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എ.ആർ.ഡബ്ല്യു.എസ്.സ്കീം പ്രകാരം മാവേലിക്കരയിൽ നിർമ്മാണം തുടങ്ങിയ രണ്ട് ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) ഗുണഭോക്തൃ പഞ്ചായത്തുകൾ റിവോൾവിംഗ് ഫണ്ടിനായി വാട്ടർ അതോറിറ്റിയിൽ അപേക്ഷിച്ചിട്ടും ആയത് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) റിവോൾവിംഗ് ഫണ്ട് ലഭ്യമാകാത്തതിനാൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ നിശ്ചയിച്ച വില യഥാസമയം നൽകാൻ കഴിയാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 1997-ൽ തുടങ്ങിയ ഈ പദ്ധതിയുടെ നിർമ്മാണം ഉടനെ പൂർത്തീകരിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണിക്കാവും സമീപഗ്രാമങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി മാന്നാർ-കുരട്ടിശ്ശേരി-തൃപ്പെരിത്തുറ-ചെന്നിത്തല എന്നീ ഗ്രാമങ്ങളിലേക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി എന്നിവയാണ്. സി.എ.ആർ.ഡബ്ല്യൂ.എസ്. സ്കീം പ്രകാരം മാവേലിക്കരയിൽ നിർമ്മാണം ആരംഭിച്ച രണ്ട് പദ്ധതികൾ. ഈ രണ്ട് പദ്ധതികൾക്കുകൂടി പൊതുവായിട്ടുള്ള കിണർ, പമ്പ്ഹൗസ് എന്നിവയുടെ പണി പൂർത്തിയായിട്ടുണ്ട്. ചെന്നിത്തലയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ശുദ്ധീകരണശാലയുടെയും കുറത്തിക്കാട്, തൃപ്പെരിത്തുറ എന്നിവിടങ്ങളിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഉന്നതതല ജലസംഭരണിയുടെയും ടെണ്ടർ നടപടികൾ കഴിഞ്ഞിട്ടുണ്ട്. കുറത്തിക്കാട് ജലസംഭരണിയിൽ ജലം എത്തിക്കുന്നതിനു വേണ്ടിയുള്ള പമ്പിംഗ് മെയിനിന്റെ രണ്ട് ഭാഗങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി രണ്ട് ഭാഗങ്ങളുടേയും തൃപ്പെരിത്തുറ ജലസംഭരണിയിൽ ജലമെത്തിക്കുന്നതിനുള്ള പമ്പിംഗ് മെയിനിന്റെയും പണി പൈപ്പുകൾ വാങ്ങിയിട്ടില്ലാത്തതിനാൽ സപ്ലൈ ചെയ്ത് സ്ഥാപിക്കുന്ന തരത്തിലുള്ള ടെണ്ടറുകൾ ക്ഷണിക്കുവാൻ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) റിവോൾവിംഗ് ഫണ്ടിന് പഞ്ചായത്തുകൾ അപേക്ഷ നൽകിയിരുന്നുവെങ്കിലും സർക്കാർ ഉത്തരവുപ്രകാരം അപേക്ഷയോടുകൂടിയുള്ള സമ്മത പത്രത്തോടൊപ്പം സർക്കാർ ഗ്യാരണ്ടി നൽകിക്കൊണ്ടുള്ള ഉത്തരവ് ഇല്ലാതിരുന്നതാണ് അപേക്ഷ പരിഗണിക്കാതിരിക്കാൻ കാരണം.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഫ്ളാറ്റുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം

36 (3976) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഫ്ളാറ്റുകളിൽ കുടിവെള്ള വിതരണത്തിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫ്ളാറ്റുകൾക്ക് മാത്രമായി എത്ര എംഎൽഡി വെള്ളം നൽകുന്നുണ്ട് ;

(സി) ഫ്ളാറ്റുകളിലെ ലൈൻ വാൽവുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് കോൺട്രാക്റ്റ് കൊടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ അവർ ആരെ ഉപയോഗിച്ചാണ് പ്രസ്തുത ലൈൻ വാൽവുകൾ ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ വാൽവ് ഓപ്പറേറ്റ് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരെ ഉപയോഗിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ?